**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 5036 **24.07.2015** ലെ മറുപടിക്ക്

<u>സ്വയംപര്യാപ്ത ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.വി.ശശി** | | **ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയംപര്യാപ്ത ഗ്രാമം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എത്ര കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 50 -ലധികം പട്ടികജാതി കുടുംബങ്ങളുള്ള കോളനികളിൽ നിന്നും തെരഞ്ഞെടുത്ത കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വയംപര്യാപ്ത ഗ്രാമം എന്ന പദ്ധതി നടപ്പാക്കി വരുന്നു. 2012-13-ൽ 114-ഉം 2013-14-ൽ 103-ഉം കോളനികളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | ഓരോ കോളനിയിലും എത്ര രൂപയുടെ വികസന പദ്ധതികൾ വീതമാണ് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിൻകീഴിൽ കോളനികളിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | 1. കോളനിക്കുള്ളിലെ റോഡ് / നടപ്പാത<br>2. കുടിവെള്ളം<br>3. വൈദ്യുതീകരണം<br>4. വീട് പുനരുദ്ധാരണം<br>5. കമ്മ്യൂണിറ്റി ഹാൾ / കളിസ്ഥലം<br>6. ഡ്രെയിനേജ്<br>7. മാലിന്യ സംസ്കരണം<br>8. ബയോഗ്യാസ് പ്ലാന്റ്<br>9. വരുമാനദായക പദ്ധതികൾ<br>10. ശുചീകരണ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | 11. വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ<br>12. സോളാർ തെരുവ് വിളക്ക്<br>13. റീറ്റെയിനിംഗ് വാൾ<br>14. അടുക്കളത്തോട്ടം<br>തുടങ്ങിയ വികസന പ്രവർത്തനങ്ങൾ കോളനികളുടെ സാഹചര്യമനുസരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത കോളനികളിൽ മുൻപ് ഇത്തരം പദ്ധതി നടപ്പാക്കിയവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) | ഇല്ല . |

സെക്ഷൻ ഓഫീസർ